(ബി) പദ്ധതിയുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു.

(സി) രണ്ടായിരംമാണ്ട് അവസാനത്തോടു കൂടി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ ചെക്ക് ഡാം നിർമ്മാണം

47 (211) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എവിടെയൊക്കെ ചെക്ക് ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്നും, ആയത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ചെക്ക് ഡാമുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) & (ബി) മഞ്ചേശ്വരം മണ്ഡലത്തിൽ മൊഗ്രാർ, കുമ്പള, ശിരിയ, ബങ്കര, മഞ്ചേശ്വരം എന്നീ പുഴകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ചു വരുന്നു. ഈ പഠനം പൂർത്തിയായിട്ടു മാത്രമേ എവിടെയെല്ലാം എന്ന് നിർമ്മാണം ആരംഭിക്കാൻ കഴിയും എന്ന കാര്യം വ്യക്തമാകുകയുള്ളു.

ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം

48 (212) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന്റെ ട്രിറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണം എന്താണ് ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ഇൻടേക്ക് കിണർ, രണ്ടു ശുദ്ധജല സംഭരണികൾ എന്നിവയുടെ പണി പൂർത്തികരിച്ചു. ശുദ്ധീകരണശാലയുടെ പ്രവർത്തി ടെണ്ടർ ചെയ്തു. 7500 മീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 4 റീച്ചുകളായി തിരിച്ച് വർക്ക് ഓർഡർ നൽകിയിരിക്കുകയാണ്. അവയുടെ പണി ഉടൻ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly